പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3295 18/02/2013-ൽ മറുപടിക്ക്

കൊച്ചി - മുസിരിസിസ് ബിനാലെയ്ക്കുള്ള സർക്കാർ സഹായം.

ചോദ്യം

ശ്രീമതി. കെ.എസ്.സലീഖ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി - മുസ്സിരീസ് ബിനാലെ സർക്കാർ സഹായം അർഹിക്കുന്നുവെന്ന് സാംസ്കാരിക വകുപ്പ് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | കൊച്ചി - മുസിരിസ് ബിനാലെ സാംസ്കാരിക രംഗത്തെ പുതിയ കാൽവെപ്പായി സർക്കാർ കരുതുന്നു ഈ മേളയ്ക്ക് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായമുൾപ്പെടെ എല്ലാ സഹായങ്ങളും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുഅഭിപ്രായം ഉണ്ടായ സഹചര്യത്തിൽ ബിനാലെയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പുന:പരിശോധിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ലോകത്തിനുമുന്നിൽ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വലിയൊരു വഴി തുറക്കുകയാണ് ബിനാലെയിലൂടെ കലാകാരന്മാർ ചെയ്യുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ ; | | |
| (സി) | ബിനാലെയ്ക്ക് എന്തെങ്കിലും സഹായം ഈ സർക്കാർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | ബിനാലെയ്ക്ക് സാമ്പത്തിക സഹായം ഒഴികെയുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | എന്തുകൊണ്ടാണ് ബിനാലെയ്ക്ക് ധനസഹായം നൽകേണ്ടതില്ലെന്ന് സാംസ്കാരിക വകുപ്പ് തീരുമാനിച്ചത്; വ്യക്തമാക്കുമോ ; | (ഡി) | ബിനാലെ ഫൌണ്ടേഷന്, സർക്കാർ നൽകിയ 5 കോടി രൂപ ചെലവഴിച്ചതിൽ ധനകാര്യപരിശോധന വിഭാഗം ക്രമക്കേട് കണ്ടെത്തി റിപ്പോർട്ട് ചെയ്തതിനാലാണ് അധിക ധനസഹായം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചത്. |
| (ഇ) | ബിനാലെ സംബന്ധിച്ച് സാംസ്കാരിക വകുപ്പ് സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചുവോ; ആയതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഇ) | ബിനാലെ ഫൌണ്ടേഷന് മുൻപ് അനുവദിച്ച അഞ്ച് കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച് ധനകാര്യ(പരിശോധന വിഭാഗം)വകുപ്പ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൌണ്ടേഷൻ ചെലവഴിച്ച അനുവദനീയമായ തുക കിഴിച്ച് ബാക്കിയുള്ള തുക കണക്കാക്കി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ധനകാര്യവകുപ്പ് (ചെലവുകൾ)സെക്രട്ടറി, ടൂറിസം വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ